## പതിനാലാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.57** **26/09/2016-ൽ മറുപടിക്ക്**

# കൊച്ചി സ്മാർട്ട്സിറ്റി പദ്ധതി

**ചോദ്യം** **മറുപടി**

**ശ്രീ.ഹൈബി ഈഡൻ**
**,, പി.ടി. തോമസ്**
**,, വി.പി.സജീന്ദ്രൻ**

**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കൊച്ചി സ്മാർട്ട്സിറ്റി പദ്ധതി പൂർണ്ണമായും യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | സ്മാർട്ട് സിറ്റി ഡയറക്ടർ ബോർഡിലെ ഗവൺമെന്റ് പ്രതിനിധികൾ പദ്ധതി നിർമ്മാണ പ്രവർത്തന പുരോഗതി ഓരോ ഘട്ടത്തിലും വിലയിരുത്താറുണ്ട്. സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിലയിരുത്തുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രണ്ട് യോഗങ്ങൾ ഇതിനകം കൂടുകയും, പദ്ധതി പ്രവർത്തനം വിലയിരുത്തുകയും, സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള കർമ്മ പരിപാടി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പദ്ധതി പൂർണ്ണമാക്കുന്നതിന് എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുണ്ടെന്ന് വിശദമാക്കാമോ; | (ബി) | സ്മാർട്ട്സിറ്റി പൂർണ്ണതോതിൽ നടപ്പാക്കുന്നതിന് സ്മാർട്ട്സിറ്റി അധികൃതരുടെ ഭാഗത്തുനിന്നും കൂടുതൽ ഐടി അനുബന്ധ കെട്ടിട സമുച്ചയങ്ങളും ഇന്റേണൽ റോഡ്, പാലങ്ങൾ, കേബിൾ ട്രഞ്ചുകൾ, വൈദ്യുതി/ജല വിതരണ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങളും സ്മാർട്ട്സിറ്റി കാമ്പസിനുള്ളിൽ സ്ഥാപിക്കേണ്ടതുണ്ട്. ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം സ്മാർട്ട്സിറ്റി കാമ്പസിനുള്ളിൽ സർക്കാർ അടിസ്ഥാന സൗകര്യ വികസന |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടത്തേണ്ടതില്ല. എന്നാൽ സ്മാർട്ട്സിറ്റി കാമ്പസിലേക്ക് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. |
| സി) | എത്ര തൊഴിലവസരങ്ങളാണ് ഈ പദ്ധതി മൂലം ഉണ്ടാകുന്ന-തെന്ന് വിശദമാക്കാമോ; | സി) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച് സർക്കാരും ടീകോമും തമ്മിൽ 13.05.2007-ൽ ഒപ്പുവച്ച ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം closing തീയതി മുതൽ 10 വർഷത്തിനകം 90,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന തൊഴിലവസരങ്ങളുടെ മൂന്നിരട്ടിയിൽ അധികം നേരിട്ടല്ലാതെയുള്ള തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| ഡി) | സ്മാർട്ട്സിറ്റി പ്രവർത്തന-ങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ഡി) | സ്മാർട്ട്സിറ്റി പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്മാർട്ട്സിറ്റി കൊച്ചി, Tecom Investment FZ-LCC ദുബായ്, കേരള സർക്കാർ എന്നിവരുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു മൂന്നംഗ സമിതി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് പ്രശ്നങ്ങൾ പരിഹിക്കുന്നതിനുള്ള ഉചിതമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്. |

Indu.S.S

**സെക്ഷൻ ഓഫീസർ**